(എച്ച്) എങ്കിൽ ഇത്തരത്തിലുള്ള എത്ര കേസുകൾ കോടതികൾക്ക് റഫർ ചെയ്തിട്ടുണ്ട് ;

(ഐ) എത്ര കേസുകൾ കോടതിക്ക് റഫർ ചെയ്യുവാനുണ്ട് ; വിശദാംശങ്ങൾ അടങ്ങിയ സ്റ്റേറ്റ്മെന്റ് ലഭ്യമാക്കുമോ ?

ഉത്തരം

(എ-സി) ഇത്തരത്തിൽ അക്രമം കാണിച്ചു എന്നാരോപിച്ച ചില പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി&ഇ) 27 പരാതികൾ ലഭിച്ചിട്ടുണ്ട്.

(എഫ്) പരാതികൾ ബന്ധപ്പെട്ട പോലീസ് ഉദ്യോഗസ്ഥർമാർക്ക് അന്വേഷണത്തിനും മേൽ നടപടിക്കുമായി അയച്ചുകൊടുക്കുകയും ആയതിൽ 15 പരാതികൾ അടിസ്ഥാനരഹിതമായിരുന്നു. 3 പരാതികളിൽ പോലീസ് ഉദ്യോഗസ്ഥൻമാർക്കെതിരെ വകുപ്പുതല നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. ഒരു പരാതിയിൽ, കുറ്റാരോപിതരെ തിരിച്ചറിയാൻ കഴിഞ്ഞിട്ടില്ല. 9 പരാതികൾ അന്വേഷണാവസ്ഥയിലാണ്.

(ജി) ഇത്തരം പരാതികൾ അന്വേഷിക്കുകയും കുറ്റക്കാർക്കെതിരെ വകുപ്പുതല അച്ചടക്ക നടപടികൾ സ്വീകരിക്കുകയും അർഹിക്കുന്ന സംഭവങ്ങളിൽ ഗൗരവമനുസരിച്ച് ആവശ്യമെങ്കിൽ കോടതിക്കും റഫർ ചെയ്യുന്നതാണ്.

(എച്ച്&ഐ) പരാമർശിച്ച '27' പരാതികളിൽ അന്വേഷണം പൂർത്തിയാക്കിയ പരാതികളൊന്നും കോടതിക്ക് റഫർ ചെയ്തിട്ടില്ല. 9 പരാതികൾ അന്വേഷണാവസ്ഥയിലാണ്.

മദ്യപാനംമൂലമുള്ള വാഹന അപകടങ്ങളും ക്രിമിനൽ കേസുകളും

49 (3001) ശ്രീ. വി. ബാലറാം :
ശ്രീ. കെ. എ. ചന്ദ്രൻ :
ശ്രീ. കെ. മുഹമ്മദാലി :
ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. തമ്പാനൂർ രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മദ്യപാനംമൂലം പ്രതിവർഷം എത്ര മോട്ടോർ വാഹന അപകടങ്ങൾ ഉണ്ടാകുന്നുണ്ട് എന്നും അതിന്റെ ഫലമായി എത്രപേർ മരിക്കുന്നുണ്ടെന്നും വ്യക്തമാക്കുമോ ;

(ബി) എത്രപേർക്ക് അംഗഭംഗം നേരിടുന്നു ;

(സി) മദ്യപാനംമൂലം പ്രതിവർഷം എത്ര നിയമസമാധാന പ്രശ്നങ്ങൾ ഉണ്ടാകുന്നു ;

(ഡി) ഇതുമൂലം ഉണ്ടാകുന്ന ക്രിമിനൽ കേസുകളുടെ എണ്ണം എത്രയാണ് എന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) മദ്യപാനംമൂലം 2002 വർഷത്തിൽ '61'-ഓളം വാഹന അപകടങ്ങൾ ഉണ്ടായി. അതിൽ 5-ഓളം പേർ മരണപ്പെട്ടിട്ടുണ്ട്.

(ബി) '5'-ഓളം പേർക്ക് അംഗഭംഗം നേരിടുന്നു.

(സി&ഡി) 2002 വർഷത്തിൽ മദ്യപിച്ച് വാഹനമോടിച്ചതിനും മറ്റുമായി 6293 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

തീർപ്പ് കൽപ്പിക്കാതെ കിടക്കുന്ന മോട്ടോർ അപകട നഷ്ടപരിഹാര കേസുകൾ

50 (3002) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2003 മാർച്ച് വരെ തീർപ്പുകൽപ്പിക്കാതെ കിടക്കുന്ന എത്ര മോട്ടോർവാഹന അപകട നഷ്ടപരിഹാര കേസുകൾ ഉണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) ഇവയിൽ ഒരുവർഷത്തിലേറെ പഴക്കമുള്ള എത്ര അപേക്ഷകൾ ഉണ്ട് എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 1,54,596 കേസുകൾ.

(ബി) ഇവയിൽ ഒരുവർഷത്തിലേറെ പഴക്കമുള്ള 96840 കേസുകൾ തീർപ്പാക്കാനുണ്ട്.

ആദിവാസി യുവാവ് എൻ. സാബുവിന്റെ കൊലപാതകം

51 (3003) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊല്ലം ജില്ലയിലെ തെന്മല ഗ്രാമപഞ്ചായത്തിൽ ഉറുകുന്ന് ആദിവാസി കോളനിയിൽ എൻ. സാബുവിന്റെ കൊലപാതകം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഈ കൊലപാതകം തെളിയിക്കുന്നതിന് വ്യക്തമായ തെളിവുകൾ ഉണ്ടായിട്ടും പോലീസിന്റെ ഭാഗത്തുനിന്ന് ഗൗരവമായ അന്വേഷണം നടക്കുന്നില്ലെന്ന പരാതി ലഭിച്ചിട്ടുണ്ടോ ;

(സി) ഇപ്പോൾ ഈ കേസ് അന്വേഷണം ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ;

(ഡി) ഈ കേസ് അന്വേഷണം ക്രൈംബ്രാഞ്ച് പോലീസിന് കൈമാറണമെന്ന ഹർജ്ജി ലഭിച്ചിട്ടുണ്ടോ ;

(ഇ) എങ്കിൽ എത്രയും വേഗം ആയതിലേക്ക് നടപടികൾ സ്വീകരിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly